സെന്റ് തോമസ് കോളജ് പാലാ ഓട്ടോണമസ്
അരുണാപുരം പി.ഒ., കോട്ടയം 686 574

January 2026
Vol. 2 Issue 2

പാലൈ
PALAI பாலை
ISSN No: 3049-0316

# നൊറോണക്കഥകളിലെ ബൈബിൾ ഇമേജുകളും മതചിഹ്നങ്ങളും

**പ്രൊഫ. ഡോ. സിസ്റ്റർ മിനിമോൾ മാത്യു***



**സംഗ്രഹം**

ആദ്യകാല കഥാകൃത്തുക്കളിൽനിന്ന് തികച്ചും വ്യത്യസ്തമായ ആഖ്യാനവും പ്രമേയവുമാണ് പുതുകാലകഥകൾക്കുള്ളത്. ഇരുപതാം നൂറ്റാണ്ടിന്റെ പകുതി ആയപ്പോൾ ചെറുകഥ കൂടുതൽ വൈയക്തികവും വൈകാരികവുമായി. ആന്തരപ്രകൃതി ബാഹ്യപ്രകൃതിയെ മറികടന്നു. പൂർവ്വ ചട്ടക്കൂടുകളിൽനിന്നു മാറി മാനുഷികമായ പ്രതിസന്ധികളിലേയ്ക്കു കഥാകൃത്തുകൾ സഞ്ചരിക്കാൻ തുടങ്ങി. പുതു എഴുത്തുകാരിൽ പ്രമുഖനാണ് ഫ്രാൻസീസ് നൊറോണ. അനുകരണത്തിന്റെ വൈവിധ്യവും ചഞ്ചലതയും തുടർച്ചയും വ്യക്തമാക്കുന്ന അദ്ദേഹത്തിന്റെ കഥകൾ. നാട്ടുഭാഷയുടെ ഉൾക്കരുത്ത് സമൃദ്ധമായി ഉപയോഗിക്കുന്നു. തൊട്ടപ്പൻ, കാതുസൂത്രം എന്നീ രണ്ട് കഥാസമാഹാരങ്ങളിലായി പതിനഞ്ചോളം കഥകൾ. പ്രാദേശികപദങ്ങൾ, പശ്ചാത്തലം, ബിംബങ്ങൾ എല്ലാംകൊണ്ടും സമൃദ്ധമാണ് കഥകൾ. ജീവിതത്തിന്റെ പരുക്കൻ യാഥാർത്ഥ്യങ്ങളെ അതേപടി അവതരിപ്പിക്കുന്നു. അരികുജീവിതങ്ങളും ബൈബിൾ ഇമേജുകളും മതചിഹ്നങ്ങളും പ്രതീകങ്ങളും രതിയുടെ ഉന്മാദവും ആസക്തിയും ശരീരഭാഷയും നൊറോണക്കഥകൾ അനാവരണം ചെയ്യുന്നു. കഥകൾക്ക് പുതിയ തുറവി നല്കുന്നു. അപ്രതീക്ഷിതമായ ക്ലൈമാക്സും ഇദ്ദേഹത്തിന്റെ കഥകൾക്കുണ്ട്. പൊടിപ്പും തൊങ്ങലുമില്ലാത്ത ഭാഷയിൽ കഥകളിലെ വികാരങ്ങളെ തീക്ഷ്ണമായി അനുഭവിപ്പിക്കുന്നു. യുക്തിഭദ്രമായ പുതിയ പ്രമേയം, ഭ്രമാത്മകമായ അവതരണരീതി, അമ്പരപ്പിക്കുന്ന രചനാകൗശലം, കൗതുകമുണർത്തുന്ന ആഖ്യാനം, ദൃശ്യാത്മകമായ രചനാരീതി, ഏകാഗ്രത തുടങ്ങി പലതും നൊറോണ ടച്ച് ആണ്. ഗ്രാമഭാഷയും സാഹിത്യഭാഷയും ഇടകലർത്തിയുള്ള ഉത്തരാധുനിക മണിപ്രവാളഭാഷ. ചിലയിടങ്ങളിൽ വാക്കുകൾക്കു പകരം പ്രതീകങ്ങൾ. ഒന്നിലധികം കുത്തുകളിട്ട് മുഴുമിപ്പിക്കാത്ത വാചകങ്ങൾ. മിക്ക കഥകളിലും മുഖ്യകഥാപാത്രം ഞാൻ ആണ്. പെണ്ണായും ആണായും ഞാൻ കഥ പറയുന്നു. ആദമിന്റെ മുഴ, പെണ്ണാച്ചി, തൊട്ടപ്പൻ എന്നീ കഥകളാണ് ഇവിടെ പഠനവിധേയമാക്കുന്നത്.

**താക്കോൽവാക്കുകൾ:** പ്രാദേശികപദങ്ങൾ, ബൈബിൾ ഇമേജുകൾ, ക്രൈസ്തവപ്രതീകങ്ങൾ

* പ്രൊഫസർ, മലയാളവിഭാഗം, അൽഫോൻസാ കോളേജ് പാലാ

പുറംലോകവുമായി ബോട്ടുവഴി ബന്ധപ്പെടുന്ന തുരുത്തിന്റെ കഥയാണ് 'ആദമിന്റെ മുഴ'. തുരുത്തിലെ കാമവാസന അവസാനിപ്പിച്ചുകൊണ്ട് അവിടുത്തെ യൗവ്വനങ്ങളെ മാനസാന്തരപ്പെടുത്താൻ ഉപദേശി ശ്രമിക്കുന്നു. വി.സി.പി വന്നതോടെ ഇവിടത്തെ ആണുങ്ങളുടെ രതിസ്വപ്നങ്ങൾക്ക് ചിറക് വിരിയുന്നു. ആസക്തിയുടെ ചിഹ്നമായ ആന്റിനയും സാഹസങ്ങളുടെ ഇടനിലമായ സെലിയുടെ പെൺ ശരീരവും ഒരേ ദിവസം വെള്ളിടിയിൽ പൊലിയുന്നു. "തമ്പുരാൻ കർത്താവ് ഗന്ധകത്തീയിറക്കിയതാണത്രേ." (ഫ്രാൻസിസ് നൊറോണ, 2021:106). ഉപദേശിയുടെ ഭാര്യയുടെ ഉടൽസമൃദ്ധി ഒരു സായാഹ്നത്തിൽ കണ്ട കഥാനായകൻ പകൽ ഉപദേശിക്ക് സഹായിയായും രാത്രി കാമം പെരുത്ത പാമ്പായും ആ വീട്ടിലെത്തുന്നു. ഉപദേശിയുടെ ഭാര്യയെ മാനസാന്തരപ്പെടുത്തി നിത്യരോഗിയായ മന്ദബുദ്ധി കുട്ടിയെ ഭൂമിയിൽനിന്ന് പറഞ്ഞുവിടുന്നു. കുഞ്ഞിന്റെ മരണം ആഗ്രഹിച്ച അവളുടെ കുറ്റബോധത്തെ മുതലെടുത്ത് അവൻ തന്റെ ആഗ്രഹം സാധിക്കുവാൻ ശ്രമിക്കുന്നു. ആ പതിവ്രതിരീതി തന്റെ കൂട്ടുകാരനുകൂടി ബലമായി പങ്കിടുന്ന രാത്രിയിൽ ഒരു കൈലിത്തുമ്പിൽ അവൾ ജീവിതം അവസാനിപ്പിക്കുന്നു. സ്വന്തപ്പെട്ടവരുടെ മരണം താങ്ങാനാവാതെ ഉപദേശി തന്റെ വീടിന്റെ കാവൽ ആ നല്ല സമരിയാക്കാരനെ എല്പിച്ച് നാടുവിട്ടു പോകുന്നു. വീടും പറമ്പും സ്വന്തമായ അവൻ ജൂഡിയെ വിവാഹം കഴിക്കുന്നു. ഉപദേശിയുടെ കുഞ്ഞിനെ അടക്കിയ മരണത്തറയിലെ വാഴപ്പഴം വിലക്കപ്പെട്ട പഴം പോലെ അകറ്റിനിർത്താൻ ശ്രമിക്കുന്നു. അവന്റെ അഭാവത്തിൽ ഈർക്കിലി പാപ്പി അതവൾക്കു പറിച്ചുനൽകുന്നു. അവൾ താൻ ആസ്വദിക്കുന്നത് അവനെയും തീറ്റിക്കുന്നു. കഴിക്കാൻ നിർബന്ധിക്കപ്പെടുന്ന പഴം തൊണ്ടയിൽ കുരുങ്ങുമ്പോൾ ആദിപാപത്തിന്റെ ഓർമ്മയിലെന്നവണ്ണം ആ ഫലം അവനെ ഭയപ്പെടുത്തുന്നു. കുഞ്ഞിന്റെ മരണത്തറയിൽ ആർത്തുവളരുന്ന വാഴക്കന്നുകളെ വെട്ടിനിരത്താൻ തുടങ്ങുന്ന അവൻ സ്വന്തം ഭാര്യയുടെ പരപുരുഷന്റെ കുത്തേറ്റുമരിക്കുന്നു. പാലം വന്നതോടെ തുരുത്തിലേയ്ക്ക് വന്നുകൊണ്ടിരുന്ന പുണ്യാളന്മാരുടെ നാമം വഹിക്കുന്ന മുപ്പത്തിയഞ്ച് ബോട്ടുകളുടെ സർവ്വീസ് നിലച്ചുവെങ്കിലും വിലക്കപ്പെട്ട കനിയുടെ അവശിഷ്ടം പേറുന്ന ഭൂമിയിൽ അവസാനിക്കാത്ത പാപത്തിന്റെ അവശേഷിപ്പുപോലെ ആദമിന്റെ പേരിലുള്ള ബോട്ടും പഴയനിയമസംഭവങ്ങളായ വിലക്കപ്പെട്ട കനിയും മാത്രം തുടരുന്നു. പുണ്യങ്ങളുടെ ഘോഷയാത്ര അവസാനിക്കുമ്പോഴും പാപത്തിന്റെ ജൈത്രയാത്ര അനന്തമാണെന്ന് കഥാകാരൻ സമർത്ഥിക്കുന്നു. ഈ കഥയിൽ പഴയനിയമത്തിലെ കഥാപാത്രമായ ആദവും അതിലെ സംഭവങ്ങളായ വിലക്കപ്പെട്ട കനിയും (ഉൽപ. 3:14) ആദിപാപവും (ഉൽ: 2:16, 3: 6) കടന്നുവരുന്നുണ്ട്. ഉപദേശിയുടെ വിവരണത്തിൽ പാപത്തിന്റെ ശമ്പളമായി കർത്താവ് ഗന്ധകത്തീയിറക്കുമെന്നും പ്രതിപാദിക്കുന്നുണ്ട്.

അറവും ഇറച്ചിവെട്ടും പ്രതികാരവും ലൈംഗികതയുമാണ് 'പെണ്ണാച്ചി'യുടെ പ്രമേയം. ചെവിക്കു പിന്നിലെ കാക്ക മറുകുകൊണ്ട് മാത്രം വ്യത്യാസപ്പെട്ടിരിക്കുന്ന കൗമാരപ്രായം പിന്നിടുന്ന ഇരട്ടകളാണ് കഥയുടെ കേന്ദ്രബിന്ദു. മറുകില്ലാത്തവനായ പെണ്ണാച്ചിയിലാണ് നാട്ടിലെ സ്വവർഗ്ഗഭോഗികളായ പുരുഷന്മാരുടെ ലൈംഗികത ഇരുളിലും കുളക്കടവിലുമൊക്കെ ഉത്തേജിപ്പിക്കപ്പെടുന്നത്. മറുകുള്ളവൻ വീടിന്റെ അത്താണിയാകുമെന്നാണ് അമ്മയുടെ പ്രതീക്ഷ. പത്താം ക്ലാസ്സ് പാസ്സാകുമെന്ന് നാട്ടുകാരുടെ നിഗമനം. അവന്റെ മരണം കൊലപാതകമാണെന്ന് കൂടെപ്പിറന്നവൻ മാത്രമറിഞ്ഞു. അതിന് പകരം വീട്ടാനാണ് 'ചക്കര' എന്ന പെണ്ണാച്ചി അറവ് പഠിക്കുന്നതിന് അറുപ്പാൻ ജോർജിന്റെ പക്കലെത്തുന്നതും അവന്റെ ഇംഗിതത്തിന് വഴങ്ങുന്നതും. കടവിൽ കുളിക്കുമ്പോൾ ചക്കരയുടെ തോർത്തിന്റെ ഇടയിൽ കൈയ്യിട്ട് അവനെ ഉപയോഗിച്ചാലും തീരുന്നതല്ല ജോർജിന്റെ ഭോഗം. അത് ചക്കരയിലും അറക്കാൻ കൊണ്ടുവരുന്ന മൃഗങ്ങളിലുമൊക്കെയായി. തന്റെ കൂടെപ്പിറന്ന മറുകുള്ളവൻ പെണ്ണാച്ചിയോട് ആണുങ്ങൾക്ക് കിടന്നുകൊടുക്കുന്നതിന് കലഹിക്കുന്നുണ്ടായിരുന്നു. അവന്റെ മരണത്തിനുശേഷം ജോർജിന്റെ ഭോഗം നിമിത്തം മുളകരച്ച നീറ്റലും പുളയുന്ന വേദനയും ഉണ്ടായിരുന്നിട്ടും പെണ്ണാച്ചി അതെല്ലാം സഹിക്കുന്നത് പകരം വീട്ടാനാണ്. ബലമായി ആനന്ദം അനുഭവിച്ചതിനുശേഷം ഇരട്ടയെ ജീവനോടെ ചിറയിലെ ചെളിയിലേയ്ക്ക് ചവിട്ടിത്താഴ്ത്തിയവനെ കണ്ടെത്താനാണ്. മറ്റൊന്നിലും ആ പത്താം ക്ലാസ്സുകാരന് ശ്രദ്ധിക്കാനാവുന്നില്ല. ആണും പെണ്ണും കെട്ട ഏർപ്പാട് അവസാനിപ്പിക്കാൻ മറുകുള്ളവൻ അവനെ അദൃശ്യമായി ഓർമ്മിപ്പിക്കുന്നു. കൊലപാതകിയെ കണ്ടെത്താനുള്ള ഒരേ ഒരു മാർഗ്ഗം ഇതു മാത്രമാണെന്ന് പറഞ്ഞ് പെണ്ണാച്ചി അവന്റെ വായ് പൊത്തുന്നു. തന്റേത് മുങ്ങിമരണമാണെന്ന അവന്റെ വാദത്തെ മൃതദേഹം കുളിപ്പിക്കാനെത്തിയ ജോർജ് നൽകിയ സൂചനയാൽ മറുകില്ലാത്തവൻ എതിർക്കുന്നു. സത്യമറിഞ്ഞ പെണ്ണാച്ചിയിൽനിന്ന് ഒഴിഞ്ഞുമാറാൻ കഴിയാതായതോടെ പെണ്ണാച്ചി മറ്റുള്ളവരിൽനിന്ന് വീണുകിട്ടിയ ഒരേയൊരു വാക്കിന്റെ കൊളുത്തെറിഞ്ഞ് ഇരയെ പിടികൂടി പ്രതികാരം നിറവേറ്റുന്നു. "എടാ പെണ്ണാച്ചി നീയെപ്പോഴും കിടന്നു തരുന്നതല്ലേ. ഇന്നെന്താണ് നിനക്കിത്ര ഞൊളപ്പെന്ന്. ഇരുട്ടില് നീയാണെന്നു വിചാരിച്ചാണ് അയാളെന്നെ...." (ഫ്രാൻസിസ് നൊറോണ, 2021:128).

ISSN No: 3049-0316
വാല്യം 2 ലക്കം 2 ജനുവരി 2026

പഴകിയ വീഞ്ഞിന്റെ എരപ്പുമണവും നീണ്ട കുപ്പായവും തോളറ്റം വളർന്നുകിടക്കുന്ന നര കയറിത്തുടങ്ങിയ ചുരുളൻ മുടിയും ഉള്ള വികാരിയച്ചനാണ് വില്ലൻ. ജോവാക്കി മദറിന്റെ കബറിടം തുറന്നെടുക്കുന്ന സാറ്റിൻ തുണിയിൽ പൊതിഞ്ഞ തിരുശേഷിപ്പ് മറുകില്ലാത്തവൻ കാച്ചിയ നീണ്ട കുപ്പായക്കാരന്റെ അടിവയറ് നെറുകെ പിളർന്ന് മുറിച്ചെടുത്തവ ആയിരുന്നുവെന്ന് നാട്ടുകാർ അറിയുന്നില്ല. പെണ്ണാച്ചിയുടെ കൂടെ പിറന്നോനായ മറുകുള്ളവൻ ഒരു പക്ഷേ അൾത്താരബാലനും മൃഗരതി നടത്തി രതിമൂർച്ച അവസാനിക്കും മുമ്പ് മാടിനെ കൊല്ലുന്ന അറവുകാരൻ ജോർജ് വികാരിയച്ചനുമാകാം. ആശങ്കകളൊന്നുമില്ലാതെ വികാരിയച്ചന്റെ അരികിലെത്തിയ ഇരട്ടയെ സ്ഥിരമായി തനിക്കു വഴങ്ങുന്നവനാണെന്ന അച്ചന്റെ ധാരണയിൽ ബലമായി അവനെ പ്രാപിക്കുകയും അതിന്റെ കെട്ടഴിയും മുമ്പ് ആളു മാറിയതറിഞ്ഞ് ജീവനോടെ ചിറയിൽ ചവിട്ടിത്താഴ്ത്തുകയും ചെയ്യുകയാണ്. തന്റെ ഇരട്ടയുടെ കൊലപാതകം വള്ളിപുള്ളി വ്യത്യാസമില്ലാതെ ആവർത്തിക്കുന്നതാണ് അറവുകാരൻ ജോർജും. ഇയാളുടെ പരാക്രമണങ്ങൾക്ക് ഒരു വ്യത്യാസം മാത്രം - മനുഷ്യനു പകരം മൃഗം. പ്രതികാരവും ആൺ രതിയും പ്രമേയമാകുന്ന കഥയിൽ പെൺകുട്ടികളുടെ കൗമാരം പോലെ ആൺകുട്ടികളുടെ കൗമാരവും ദയനീയമാകുന്നു. പ്രകൃതിവിരുദ്ധമായവയും നടക്കുന്നു. കുളക്കടവിലും സംസ്കാരം കൈമാറുന്ന പള്ളിക്കൂടങ്ങളിലും അരൂപികൾ വിരാജിക്കുന്ന പള്ളിമേടകളിലും എല്ലാം ഇത് കടന്നുകൂടുന്നു. സോദോം ഗോമോറകൾ ആവർത്തിക്കുന്നു.

ഈ കഥയിൽ പള്ളിയിലെ ജൊവാക്കി മദറിന്റെ മരണത്തിരുന്നാളിനു കൊല്ലാൻ പശുവിനെ കൊണ്ടുപോകുന്ന കാര്യം പ്രതിപാദിക്കുന്നുണ്ട്. തുരുത്തിലേയ്ക്ക് വെട്ടാൻ കൊണ്ടുപോകുന്ന കന്നുകളെ കെട്ടിയിടുന്നതും പള്ളിമുറ്റത്താണ്. ജോവാക്കിയമ്മയെ കബറടക്കിയിരിക്കുന്നത് സാന്തോം പുണ്യാളന്റെ കപ്പേളയിലാണ്. അവറ്റകളുടെ ചാണകം കിടക്കുന്നതിനെ പെസഹായപ്പം (2021:118) ചുട്ടുവച്ചിരിക്കുന്നപോലെ എന്ന് കഥാകൃത്ത് വിശേഷിപ്പിക്കുന്നുണ്ട്. കൈയിൽ മട്ടവും പിടിച്ച് സാന്തോം പുണ്യാളൻ രാത്രിസഞ്ചാരത്തിനിറങ്ങാറുണ്ട്. പെണ്ണാച്ചിയുടെ അപ്പൻ ചുമയ്ക്കുമ്പോഴെല്ലാം "ന്റെ പുണ്യാളച്ചാ" (2021:122) എന്ന തേറ്റം വിളിയുണ്ട്. കപ്പേളയുടെ അടുത്തുള്ള ഇറച്ചിക്കട പിറവിത്തിരുന്നാളു കഴിഞ്ഞ് പള്ളിമേടയിലുപേക്ഷിച്ച പുൽക്കൂടുപോലെയും ഇരുണ്ട ആകാശത്തെ മരണത്തിരുന്നാളിൽ പാതിരിമാർ ഉടുക്കുന്ന ഇരുണ്ട കാപ്പ പോലെയും എരുമയുടെ പുറത്തേറി അറുപ്പാൻ ജോർജ് വരുന്നതിനെ "എട്ടാമിടത്തിൽ ചവിരിയാലു പുണ്യാളന്റെ രൂപക്കൂട് നടകേറുന്നപോലെ"യും എന്നും കഥാകൃത്ത് പറയുന്നുണ്ട്. (2021:123). മറുകുള്ളവൻ കൊന്നുപോയതിനേപ്പറ്റി അമ്മ വിലപിക്കുന്നത് "ജൊവാക്കിയമ്മേ എന്റെ മോനെയെന്തിനാണ് ജലപ്പിശാചിനു വിട്ടുകൊടുത്തത്" (2021:125). പള്ളിമേടയ്ക്കടുത്ത് പെണ്ണാച്ചിയെത്തുമ്പോൾ ദുഃഖവെള്ളിയാഴ്ച കർമ്മങ്ങൾക്കായി മരപ്പലകയിലുണ്ടാക്കിയ കറുത്ത ശവക്കല്ലറ കാണാം. നീണ്ട കുപ്പായക്കാരൻ പെണ്ണാച്ചിയോട് "നിന്നെ നഗരികാണിക്കലിനും പാസ്ക്കൽ രൂപം മുത്തലിനും കണ്ടില്ലല്ലോ" (2021:130) എന്നു പറയുന്നുണ്ട്. നീണ്ട കുപ്പായക്കാരന്റെ തടിച്ച ശരീരത്തെ തറയിൽ കിടത്തി പെണ്ണാച്ചി പിയാത്താ രൂപത്തിനു മുന്നിലേയ്ക്ക് വലിച്ചിഴച്ചുകൊണ്ടുപോയി. അടിവയറ് പിളർന്ന് മുറിച്ചെടുത്തവ പാസ്ക്കൽ രൂപത്തിൽ നേർച്ചയായി ഇട്ടിരുന്ന സാറ്റിൻ തുണിയിൽ പൊതിഞ്ഞ് ജോവാക്കിയമ്മയെ അടക്കംചെയ്ത കല്ലറയുടെ ഇരുമ്പ് കൊളുത്ത് പിടിച്ചുയർത്തി മദറിന്റെ കുഴിമാടത്തിൽ തള്ളി. അറപ്പാൻ ജോർജിന്റെ സംസ്കാരത്തിനായി പിതാക്കന്മാരെ സ്വീകരിക്കാൻ പള്ളിമേട തുറന്ന് മുത്തുക്കുട എടുക്കുന്നുണ്ട്. പിതാക്കന്മാരുടെ പൊന്തിഫിക്കൽ ബലിക്കുശേഷം മദറിന്റെ കബറിടം തുറന്ന് തിരുശേഷിപ്പുകൾ പുറത്തെടുക്കുമ്പോൾ ഗ്ലോറിയ ഗീതം പള്ളിയിൽ നിന്നുമുയർന്നു. "അറുപ്പാന്റെ ഇറച്ചിക്കടയിലെ തിരക്കുപോലെ സാറ്റിൻ തുണിയിൽ പൊതിഞ്ഞ മദറിന്റെ തിരുശേഷിപ്പു മുത്തുവാനുള്ള വിശ്വാസികളുടെ നീണ്ടനിര പള്ളിമുറ്റം കടന്ന് പൊതുനിരത്തിലേയ്ക്ക് നീങ്ങിക്കൊണ്ടിരുന്നു." (2021:132). ഈ കഥയിലും കഥാകാരൻ ധാരാളം ബൈബിൾ ബിംബങ്ങളും ക്രൈസ്തവ പ്രതീകങ്ങളും ഉപയോഗിക്കുന്നതായി കാണുവാൻ സാധിക്കും.

കർത്താവിന്റെ ഇടം വലം കിടന്നതിനാൽ അദ്ദേഹത്തോട് നേരിട്ട് ഇടപാടുള്ള കള്ളന്മാരുടെ പരമ്പരയിലെ ഇങ്ങേ അറ്റത്തെ കണ്ണിയായി തൊട്ടപ്പനെ 'തൊട്ടപ്പനിൽ' നൊറോണ ചിത്രീകരിക്കുന്നു. തലതൊട്ടപ്പൻ ആകുന്ന ആൾ തൊട്ടപ്പൻ എന്നും വിധേയമാകുന്ന വ്യക്തി പീലാസുമോൾ/മോൻ എന്നും ആംഗ്ലോ ഇന്ത്യൻ സംസ്കാരത്തിൽ അറിയപ്പെടുന്നു. പെണ്ണെന്ന് വിളിപ്പേരുള്ള ഇതിലെ പീലാസുമോൾക്ക് നേർത്ത പൊടിമീശയും താടിയിൽ അഞ്ചാറു രോമവും ഉള്ളതിനാൽ കുഞ്ഞാട് എന്ന വിളിപ്പേരു വന്നു. തലയിൽ വീണ മാമ്മോദീസവെള്ളത്തോടൊപ്പം തൊട്ടപ്പനിൽ നിന്നാണ് മോഷണത്തിനുള്ള കഴിവ് കിട്ടുന്നത്. തൊട്ടപ്പൻ ഇസഹാക്ക് എന്ന ഇത്താക്കും വലിയ കള്ളനുമാണ്. പീലാസുമോളുടെ അപ്പൻ നഷ്ടപ്പെട്ടതിനാൽ തലതൊട്ടപ്പനായിരുന്നു എല്ലാം. സവിശേഷമായ ഒരു ബന്ധവും അവർക്കിടയിലുണ്ടായിരുന്നു. ആ ബന്ധം അറ്റുപോകാതെ തുടർന്നുകൊണ്ടിരുന്നു. പള്ളിപണിയ്ക്ക് പറമ്പ് ദാനം ചെയ്ത പേത്ര സെബാസ്റ്റ്യന്റെ

 ISSN No: 3049-0316 

കൊച്ചുമോളാണ് കുഞ്ഞാട്. അഞ്ഞൂറു പേരെ ഒറ്റയടിക്ക് മാമ്മോദീസ മുക്കാൻ കൂട്ടുനിന്നതിനാൽ അവളുടെ പിതാമഹന് വെളുത്തച്ചനിൽനിന്ന് വില്ലുവണ്ടി സമ്മാനമായി കിട്ടിയിരുന്നു. തലയിൽ മാമ്മോദീസാ വെള്ളം വീണതിന്റെയും തല മറയ്ക്കാത്തതിന്റെയും ദാരിദ്ര്യത്തിന്റെയും അപകർഷതയോടെ അവൾ ജോനക സ്കൂളിൽ തട്ടമിട്ട മൊഞ്ചത്തികൾക്കിടയിലിരുന്നു,

കുഞ്ഞാട് ആദ്യമായി കട്ടത് കണ്ണ് കാണാൻ പാടില്ലാത്ത കമറുന്നിസയുടെ കടയിൽ നിന്നാണ്. കാശു കൊടുക്കാതെ എടുത്താൽ കമറുന്നിസയുടെ പൂച്ചകൾ കരയും. മിഠായി എടുത്തുകൊടുത്തിട്ട് കാശുപെട്ടീന്ന് ഒരു പിടി അടിവയറിനു കീഴേലോട്ടു താഴ്ത്തി. കണ്ണുപൊട്ടനെ പറ്റിച്ചാൽ പടച്ചോൻ പൊറുക്കൂല പെണ്ണേ എന്ന് അന്ധൻ പറയുന്നുണ്ട്. "കെടന്നു മുള്ളല് പതിവായപ്പോൾ തൊട്ടപ്പൻ തന്നെ കെടങ്ങാംപറമ്പിൽ കൊണ്ടുപോയി ആനക്കാലിനെടേക്കൂടി നടത്തി... കക്കുമ്പോ കൈ വെറക്കാണ്ടിരിക്കാൻ ആനവാതിൽ മോതിരവും വാങ്ങിത്തന്നു." (ഫ്രാൻസീസ് നൊറോണ, 2021:82).

സുലേഖ ടീച്ചറിന്റെ മണിപ്പേഴ്സ് ചൂണ്ടണമെന്ന് തൊട്ടപ്പനോട് കുഞ്ഞാട് പറയുമ്പോൾ തൊട്ടപ്പന്റെ പ്രതികരണം ടീച്ചറുമാരുടെ പേഴ്സിൽ ഒന്നുമുണ്ടാവില്ല, നീ എന്റെ കൂടെ വാ, എന്ന് പറഞ്ഞ് കൂട്ട് വിളിക്കുന്നുണ്ട്. കക്കലിന് തൊട്ടപ്പന്റെ വലംകൈയ്യായ കോട്ടറു പാപ്പൻ പാമ്പിന്റെ കൊത്തു കിട്ടി ചത്തേപ്പിന്നെ വലിയ കക്കലിന് തെക്കേതിലെ നരന്തു ചെക്കനമായിട്ടായിരുന്നു തൊട്ടപ്പൻ പോയിരുന്നത്. വടക്കുള്ള നേർച്ചക്കുറ്റി കുത്തിത്തുറന്നു വരുന്ന വഴി രണ്ടുപേരും ഉടക്കി. തുടർന്ന് ചേമ്പിലക്കാട്ടിലിരുന്ന് കമ്പിപ്പാരയും ഒടക്കുകമ്പിയും തൊടച്ചു മിനുക്കുമ്പോൾ തൊട്ടപ്പൻ കുഞ്ഞാടിനെ കക്കാൻ നിർബന്ധിച്ചു. കൗമാരം കടക്കാത്ത കുഞ്ഞാടിനെ മോഷണത്തിന് കൂട്ടുപങ്കാളിയാക്കുന്നു.

കുഞ്ഞുനാളിൽത്തന്നെ അവളുടെ മോഷണകലയെ ഇത്താക്ക് അറിഞ്ഞു പ്രോത്സാഹിപ്പിച്ചു. മഠം സ്കൂളിൽനിന്ന് കുഞ്ഞാട് മാറിയത് പുണ്യാളത്തീടെ കപ്പേള പുതുക്കുന്നതിന് കെട്ടുതെങ്ങും പിടിയരി നേർച്ചയും കൊടുക്കണമെന്നതിനാലായിരുന്നു. മോഷണം നടത്തുമ്പോൾ കൈ വെറക്കാതിരിക്കാൻ ആനവാൽ മോതിരം വാങ്ങി തിരികെ വരുന്ന വഴി കുഞ്ഞാട് പാവാടച്ചരടിനെടേല് ചേടി വച്ച മുടിത്തുഞ്ച്പൊതി കർത്താവിന്റെ രൂപത്തിനു മുന്നിൽനിന്ന് മൂന്നു പ്രാവശ്യം തലയുഴിഞ്ഞു നേർച്ചപ്പെട്ടീലേക്കിട്ടു. "കർത്താവിനും കുഞ്ഞാടിനും കൊലപോലാ മുടീ" (2021:83) എന്ന് തൊട്ടപ്പൻ പറയുന്നുണ്ട്. കണ്ട് കള്ളന്മാരുടെ ഇടയിൽനിന്ന് രക്ഷപെട്ട കർത്താവിനെക്കുറിച്ച് കഥയിൽ പരാമർശമുണ്ട്. സുലേഖ ടീച്ചറിന്റെ മണി പേഴ്സ് ചൂണ്ടാനായി പുണ്യാളന്മാർക്കു മെഴുകുതിരി കത്തിച്ചിട്ടും നേർച്ച കൊടുത്തിട്ടും നടക്കാണ്ടായപ്പോൾ മുക്കാലണ, കുഞ്ഞാട് നിസ്ക്കാരപ്പള്ളീടെ നേർച്ചക്കുറ്റീലിടുന്നുണ്ട്. അപ്പോൾ ഫബിയാൻ സാർ കുഞ്ഞാടിനെ ഉപദേശിക്കുന്നുണ്ട്. "ശിരസ്സീ മാമ്മോദീസാ വെള്ളം വീണവരായി ഞങ്ങളു രണ്ടുപേരെ മൊഹമ്മദു സ്കൂളിലുണ്ടായിരുന്നുള്ളൂ." (2021:83). "നിനക്കറിയുമോ... വിശ്വാസികളുടെ പിതാവായ അബ്രഹാമിനു സാറായിലുണ്ടായ ഇസഹാക്കിന്റെ തലമുറയാണ് നമ്മുടേത്..... ഇവര് അടിമയിലുണ്ടായ ഇസ്മായീലിന്റെ വംശവും.... നമ്മുടേതാ സത്യവഴി.... നിസ്കാരപ്പള്ളിക്കു ചുറ്റും കഴിയുന്ന ഓരോ നിമിഷവും നിന്റെയുള്ളിലീ ബോധ്യമുണ്ടാവണം. നീ പള്ളിക്കുറ്റീല് നേർച്ചയിട്ടത് പാപമാ. കുമ്പസാരിക്കുമ്പോ പറഞ്ഞോണം..." (2021:84).

കള്ളന്മാർക്ക് തമ്പുരാൻ കർത്താവിനോട് നേരിട്ടാണ് ഇടപാടെന്ന് കർത്താവിന്റെ വലത്തും ഇടത്തും കിടക്കുന്ന കള്ളന്മാരെ നോക്കി തൊട്ടപ്പൻ പറഞ്ഞതിൽപ്പിന്നെ കുഞ്ഞാടും അച്ചന്മാരുടെ ചെവിയിൽ പറയുന്ന ഏർപ്പാട് നിർത്തി. ഫബിയാൻ സാറിന്റെ വചനവായന തുടരുമ്പോൾ "അന്യദൈവത്തെ വിളിച്ചിനി പ്രാർത്ഥിക്കില്ല സാറെ" (2021:85) ഞാൻ (കുഞ്ഞാട്) പറഞ്ഞു. മിശിഹായുടെ വെള്ളം ശിരസിൽ വീണിട്ടും റിസൽട്ട് വന്നപ്പോൾ കൃപ ലഭിക്കാതെ കുഞ്ഞാട് തോറ്റു എന്നും കുഞ്ഞാട് പറയുന്നുണ്ട്. "തൊട്ടപ്പൻ കൈവിരിച്ച് ആകാശങ്ങളിലിരുക്കുന്ന ബാവാതമ്പുരാനും ശുദ്ധമാന മറിയവും ചൊല്ലി... ഞാൻ ആമേൻ പറഞ്ഞു. സ്തുതി കൊടുത്തപ്പോൾ തൊട്ടപ്പനെന്റെ നെറ്റീല് കുരിശടയാളം വരച്ചു." (2021:87) തൊട്ടപ്പനോടൊപ്പം കക്കാൻ പോയിരുന്ന കോട്ടറു പാപ്പൻ മൂസാനബീടെ പാമ്പിന്റെ കൊത്തുകിട്ടി മരിച്ചപ്പോൾ തൊട്ടപ്പനെ വേദനിപ്പിച്ചത് പാമ്പിന്റെ കൊത്തുകിട്ടി നസ്രാണി മരിച്ചതിലായിരുന്നു. പിന്നീട് തൊട്ടപ്പൻ കുഞ്ഞാടിനെ കക്കാൻ വിളിക്കുമ്പോൾ കുഞ്ഞാട് ചോദിക്കുന്നുണ്ട്. "തൊട്ടപ്പന് ദൈവങ്ങളിരിക്കുന്ന ഇടമല്ലാണ്ട് വേറൊരു സ്ഥലോം കക്കാൻ കിട്ടിയില്ലേ." (2021:89). "പള്ളിപ്പറമ്പിലെത്തുമ്പോൾ ഇരുട്ടിൽ സഞ്ചരിക്കുന്ന മഹാമാരിയെയും നട്ടുച്ചയ്ക്കു വരുന്ന വിനാശത്തെയും തുരത്താൻ കുതിരപ്പുറത്തുവരുന്ന പുണ്യാളന്റെ വീശുമുറത്തിൽ കാറ്റ് കീറണ ഒച്ച...." (2021:89).

പള്ളിയിലെ ആദ്യത്തെ മുത്തപ്പൻ ആയിരുന്ന ആൻഡ്രൂസ് പുണ്യാളന്റെ മുണ്ടാട്ടമില്ലാത്ത നില്പ് ആൾക്കാർക്കു പിടിച്ചില്ല. കല്യാണം മുടങ്ങിയ പെണ്ണിനെപ്പോലെയുള്ള പുണ്യാളന്റെ നില്പ്. "തൊട്ടപ്പന്റെ കുഞ്ഞുനാളിൽ നാട്ടിൽ പൊങ്ങൻ പടർന്നപ്പോഴാണ് ചണച്ചാക്കിനു മീതേ അരേൽ കയറും ചുറ്റി തോളേൽ കുരിശും ചൊമന്നോണ്ട് നില്ക്കുന്ന കറുത്ത പുണ്യാളനെ മാറ്റി സ്വർണ്ണത്തിന്റെ അമ്പു നെഞ്ചീക്കൊണ്ടിട്ടും ചിരിക്കുന്ന വെളുത്ത പുണ്യാളനെ നട കേറ്റിയത്. കപ്പലിറങ്ങിവന്ന സായിപ്പു പുണ്യാളൻ നാട്ടുഭാഷേ ചിരിച്ചു. നാട്ടു സൂക്കേടുകൾ മാറ്റി... ചോദിക്കുന്നോന്റെ ഉള്ളമറിഞ്ഞു വെളമ്പിയ പുണ്യാളച്ചന്റെ നേർച്ചപ്പെട്ടീലാ, തൊട്ടപ്പനിപ്പ കൈയിട്ടുവാരാൻ പോണത്..." (2021:90).

"മണൽമുറ്റത്തിന് അതിരുപാകിയ കടലാവണക്കിന്റെയും ചെമ്പരത്തീടേം വേലിക്കരികിലെത്തിയപ്പോൾ കറുത്ത പുണ്യാളന്റെ ജപം ചൊല്ലി തൊട്ടപ്പനെനിക്ക് വാഴ്വിട്ടു." (2021:91). മുകളിൽനിന്ന് ആൻഡ്രൂസ് പുണ്യാളന്റെ കറുത്തിരുണ്ട രൂപം മാറ്റി വെളുത്ത പുണ്യാളനെ കേറ്റാൻ കയറിയവരെല്ലാം വീണു കാലൊടിഞ്ഞു. "ഇരുട്ടിൽ പുണ്യാളൻ ഉറിച്ചുനോക്കുന്നതായി കുഞ്ഞാടിനു തോന്നി. തിരിച്ചുപോകാം, വേണ്ട എന്നു പറഞ്ഞ കുഞ്ഞാടിനോട് കലപ്പേ കൈ തൊട്ടേച്ച് പിൻതിരിയുന്നത് ചെകുത്താനാ.... പൊക്കോ.... പൊക്കോ...." (2021:91) എന്ന് തൊട്ടപ്പൻ പറഞ്ഞു. ആ രാത്രിയിൽ പള്ളീടെ ഇടഭിത്തിയിൽ കൈകുത്തി തൊട്ടപ്പൻ മേലോട്ടുയരുന്നത് കുഞ്ഞാട് കണ്ടു. നേരം വെളുക്കുമ്പോൾ കുഞ്ഞാടിനും മേലാസകലം വേദന. നെറ്റീല് അമ്മ ചൊർക്ക നനച്ചിട്ടു. മൂന്നിന്റന്ന് കുരുക്കൾ പൊങ്ങിയ ദേഹത്ത് ഗന്ധകം പൊകച്ചും ആര്യവേപ്പിന്റെ ഇലകൊണ്ട് ഉഴിയുകയും ചെയ്തുകൊണ്ടിരിക്കുമ്പോൾ തൊട്ടപ്പന്റെ ശവം (കണ്ണും മോറുമെല്ലാം പൊഴമീൻ തീന്ന്) പൊഴേല് പൊങ്ങി. കുഞ്ഞാട് അതോടെ വെളുത്ത പുണ്യാളനേം കറുത്ത പുണ്യാളനേം വെറുത്തു. രൂപത്തട്ടേൽ വച്ചിരുന്ന കർത്താവിന്റെ പടം കീറി അടുപ്പത്തിടുമ്പോൾ തൊട്ടപ്പന്റെ അരൂപി വിലക്കി. കുഞ്ഞുങ്ങളുടെ തലേ മാമ്മോദീസാ വെള്ളം വീഴുന്ന അന്നുമുതൽ തന്തയെക്കാൾ വളർത്തധികാരം തലതൊട്ടപ്പനാണെന്ന് അമ്മാമ്മ പറയുന്നത് കുഞ്ഞാടപ്പോൾ ഓർത്തു. പൊങ്ങന്റെ അഞ്ചാം കുളി കഴിഞ്ഞ് സിമിത്തേരിയിൽ പോയി തൊട്ടപ്പിനിഷ്ടമുള്ള കള്ളപ്പം വാഴയിലയിൽ പൊതിഞ്ഞു കുഴിക്കെ വച്ചു. ചണച്ചാക്കും വിരിച്ച് മുറ്റത്ത് കിടക്കുമ്പോൾ കുഞ്ഞുനാൾ മുതൽ തൊട്ടപ്പൻ പറയുന്ന നക്ഷത്രങ്ങളുടെ കഥയോർത്തു. "നീ നോക്കിക്കേ വലിയ നക്ഷത്രത്തിന്റെ ഇരുവശത്തും രണ്ടു ചെറുതു മിന്നണ കണ്ടാ.,,,, അത് രണ്ടു കള്ളന്മാരുടെ നക്ഷത്രമാ... ഈശോയും കള്ളന്മാരും ഒരുമിച്ചാ ജനിച്ചത്. മരിച്ചതും ഒരുമിച്ച്.... ഭാഗ്യപ്പെട്ട മരണമാ ഓരോ കള്ളനും ദൈവമൊരുക്കുന്നത്....." (2021:93). പിറവിത്തിരുന്നാളും പിറവിനക്ഷത്രവും പൂജരാജാക്കന്മാർക്കു വഴി കൊടുത്ത നക്ഷത്രവുമെല്ലാം കഥയിൽ കടന്നുവരുന്നുണ്ട്. ഇസ്മായിലീന്റെ ചായപ്പീടികയുടെ പിന്നിലെ ഇടവഴിയിലേയ്ക്കു കയറുമ്പോൾ തൊട്ടപ്പൻ കുഞ്ഞാടിന്റെ കാതിൽ മന്ത്രിച്ചു. "ജിന്നു പിടിക്കാണ്ടിരിക്കാൻ മനസ്സില് വിശ്വാസപ്രമാണം ചൊല്ലിക്കൊണ്ടിരുന്നോ...." (2021:94). തൊട്ടപ്പൻ മുകളിലേക്കുയർന്നു താഴോട്ടുവരുമ്പോൾ പുളിമരത്തിൽനിന്ന് ഉവ്വലുകൾ പറന്നിറങ്ങുന്നു. നേർച്ചക്കോഴീടെ പപ്പും പൂടേം പറിച്ച് കഷണമാക്കുമ്പോൾ തൊട്ടപ്പൻ ശുദ്ധീകരണസ്ഥലത്തെ ആത്മാക്കളുടെ ജപം ചൊല്ലിക്കൊണ്ടിരുന്നു.

തൊട്ടപ്പൻ പോയതോടെ കുഞ്ഞാട് പഠനം നിർത്തി. തലതൊട്ടപ്പൻ കുഞ്ഞാടിനെ ആദ്യമായി കയ്യിലെടുത്ത സ്നാനനീർത്തൊട്ടിക്ക് കിഴക്കുവശത്തേ നേർച്ചപ്പെട്ടീല് പിന്നീട് കുഞ്ഞാട് തനിച്ച് മോഷണം നടത്തുന്നുണ്ട്. എവിടെ നിന്നെങ്കിലും എന്തെങ്കിലും അടിച്ചുമാറ്റാൻ പറ്റുന്ന ദിവസം കുഞ്ഞാട് സെമിത്തേരീച്ചെന്ന് തൊട്ടപ്പന് ഒരു കൂട് മെഴുകുതിരി കത്തിക്കും. രാത്രിയിൽ കുഞ്ഞാടിന്റെ വീട്ടിലെ കതകിൽ ചാരിവച്ച പാത്രങ്ങൾ ഉരുണ്ടുവീണ് ഉറക്കമില്ലാതായപ്പോൾ കമറുന്നിസയുടെ കെട്ടിയോനിൽനിന്ന് പല പ്രാവശ്യമായി പന്ത്രണ്ട് ആൺപൂച്ചകളെ വാങ്ങി. പത്രോസ്, അന്ത്രയോസ്, യാക്കോബ്, യോഹന്നാൻ, പീലിപ്പോസ്, ബർത്തലോമിയ, മത്തായി, തോമസ്, ഹെൽപ്പേടെ പുത്രൻ യാക്കോബ്, തദേവൂസ്, കാനാൻകാരൻ ശിമയോൻ, ഒറ്റുകാരൻ ഇസ്കറിയോത്ത, യൂദാ.... (2021:96) എന്നു പേരുമിട്ടു പൂച്ചകൾക്ക്. പുത്തൻ കൈക്കൊള്ളപ്പാടിനു തൊട്ടപ്പൻ പഠിപ്പിച്ച കർത്താവിന്റെ ശിഷ്യരുടെ പേരുകളിട്ട് പൂച്ചകളെ നസ്രായേൻമാരാക്കി. ഒരിക്കൽ പന്ത്രണ്ടു പൂച്ചകളേയും പേടിക്കാതെയാണ് ചൊമന്ന നീളൻ കുപ്പായക്കാരൻ വന്നത്. മാന്തിക്കീറാൻ കുതിച്ചു ചാടുന്ന പൂച്ചകൾ കുപ്പായം മണത്തോണ്ടു നിന്നു. മുറ്റത്തേ അലക്കുകല്ലിൽ ഇരിക്കുമ്പോൾ യോഹന്നാൻ മടിയിൽ ചാടിക്കയറി വക്ഷസ്സിലേയ്ക്കു തല ചായ്ച്ചു. അപ്പോഴാണ് വന്നുകയറിയവന്റെ കാലുമ്മേലെയുള്ള ചോര കണ്ടത്. അതിരിനു ചുറ്റും പൊട്ടിച്ചിട്ട കുപ്പിച്ചില്ല് കയറിയതായിരിക്കും. ദുഃഖവെള്ളിയാഴ്ച പാസ്കൽ രൂപത്തിലിടാൻ അമ്മ സൂക്ഷിച്ചുവച്ച വെള്ളക്കച്ച കീറി വെച്ചുകെട്ടുമ്പോൾ കയ്യിലും നെഞ്ചിലുമൊക്കെ മുറിവ്. വന്നുകയറിയ വരത്തന്റെ മുറിവ് വച്ചുകെട്ടുന്നത് എന്തിനാണെന്ന് ഓർക്കുമ്പോഴേയ്ക്കും കുരിശുമണീടെ മുഴക്കം.

 ISSN No: 3049-0316 

"നീ കക്കാൻ വന്ന രാത്രി ഞാനുറങ്ങിയിട്ടുണ്ടായിരുന്നില്ല..." (2021:97)

കൊല പോലുള്ള നീളൻ മുടിയും താടി രോമങ്ങൾ നിറഞ്ഞ മുഖവും. നീയും തൊട്ടപ്പനും കക്കാൻ വന്ന രാത്രി നിങ്ങളെക്കൂടാതെ മൂന്നാമതൊരുവൻ എതിർവശത്തൂടെ വരുന്നുണ്ടായിരുന്നു. മൂന്നാമന്റെ കയ്യിൽ കുടം. വിളറിയ വെട്ടത്തിൽ വെറുക്കപ്പെട്ട മാലാഖായുടെ ചിരിയും. സക്രാരിക്കു മുമ്പിൽ തൊട്ടപ്പൻ മുട്ടുകുത്തി പ്രാർത്ഥിച്ചു. നല്ല കള്ളനെപ്പോലെ എനിക്കവനെ ആശ്വസിപ്പിക്കണമെന്നാഗ്രഹമുണ്ടായിരുന്നു. "ഇന്ന് നീ എന്നോടുകൂടെ പറുദീസയിലായിരിക്കുമെന്ന എന്റെ പഴയ വാക്ക് എനിക്കു തെകട്ടി വന്നു." (2021:98)

നേർച്ചപ്പെട്ടി തുറന്നു ചാക്കിൽ നിറയ്ക്കുമ്പോൾ കുടം ഉയർന്നു താഴ്ന്നു. കുപ്പായക്കാരൻ പറഞ്ഞവസാനിക്കുമ്പോൾ മടിയിലിരുന്ന യോഹന്നാൻ നിലത്തിറങ്ങി. നേരം വെളുക്കുമ്പോൾ മുറ്റത്തെ അഴയിൽ വിരിച്ചിട്ടിരിക്കുന്ന വെള്ളക്കച്ചയിൽ മീറയുടെയും കുന്തുരുക്കത്തിന്റെയും മണം. ചുരുട്ടിപ്പിടിച്ച വലം കൈയുള്ളിൽ വെള്ളിക്കാശ് കിനാവുപോലെ തെളങ്ങി. തൊട്ടപ്പന്റെ സിമിത്തേരിയിൽ പോയിവരുന്ന വഴിയിൽ അടുപ്പിലിട്ട പടത്തിനു പകരം മറ്റൊന്നു വാങ്ങിച്ചോണ്ടുവന്ന് രൂപത്തട്ടേൽ വച്ചു തിരി കത്തിച്ചു. തൊട്ടപ്പനെ കൊന്ന നരന്തു ചെക്കനെ വശീകരിച്ച് കുഞ്ഞാട് വീട്ടിലെത്തിച്ചപ്പോൾ ഒറ്റുകാരൻ ചീറി. "യൂദാ അവന്റെ സമയം ഇനിയുമായിട്ടില്ലെന്ന് നെനക്കറിഞ്ഞൂടേ" (2021:100). പന്ത്രണ്ടു പൂച്ചകളും ഒടുക്കത്തെ അത്താഴത്തിനെന്നപോലെ ചുറ്റുമിരുന്നപ്പോൾ ഞാൻ കല്പിച്ചു. "ഇതെന്റെ ശരീരമാണ്. വാങ്ങി ഭക്ഷിക്കുവിൻ. ഇതെന്റെ പാനപാത്രമാകുന്നു. നീയിതിൽനിന്നു കുടിക്കുവിൻ" (2021:101). തൊട്ടപ്പന്റെ പേര് (ഇസഹാക്ക്) ഞാനവന്റെ കാതിൽ പറഞ്ഞുകൊടുത്തു.

പെട്ടെന്നവന്റെ കൈകൾ മേലോട്ടുയർന്നു. എന്നെയെടുത്തു മണ്ണിലേയ്ക്കു മറഞ്ഞു. ഞാൻ പൂച്ചകളെ പേരുചൊല്ലി വിളിച്ചു. എന്റെ ഇരു കൈകളും കുരിശിലെന്നപോലെ നീട്ടി. അടുത്തേക്കുവരുന്ന പൂച്ചകളെ നോക്കി അവൻ ചിരിച്ചു.

"നീ മാമ്മോദീസ വെള്ളം മുക്കി പേരിട്ടാലും പൂച്ചകളതിന്റെ തന്തയെ മറക്കുമോടീ." (2021:102). അവനെന്നെ വലിച്ചിഴച്ചിട്ട് അലക്കുകല്ലേലോട്ട് എടുത്തിട്ടു. പൂച്ചകളുടെ ദേഹത്ത് പുരണ്ട രക്തം തുടയ്ക്കാൻ ഞാൻ കരുതിവച്ച വെള്ള കച്ചയിൽ അവൻ ചോര തുടയ്ക്കുന്നു.

"കുഞ്ഞാടിന്റെ വിരുന്നിനു ക്ഷണിക്കപ്പെട്ടിരിക്കുന്നവർ ഭാഗ്യവാന്മാർ." (2021:102) ബലിക്കല്ലിൽ മരണം കാത്തുകിടക്കുന്ന എന്റെ തലയിലേയ്ക്ക് വേദപുസ്തകത്തിൽനിന്ന് ഫബിയാൻ സാറ് വായിച്ചുതരുന്നത് കേൾക്കാം. തിരുവചനങ്ങൾക്ക് ആമ്മേൻ പറയാൻ നാവു നീട്ടി ചുണ്ടുനനച്ചു. അവൻ എന്റെ വിലാപ്പുറത്ത് കമ്പിപ്പാര താഴ്ത്തി. ഒടുവിലത്തെ രക്തവും വെള്ളവും ഒഴുകി. ഇടതുവശത്തേക്ക് തല ചായ്ച്ച് അവസാന കാഴ്ചയ്ക്ക് കണ്ണു തുറന്നപ്പോൾ എന്റെ നെഞ്ചിൽനിന്ന് ഊരിയെടുത്ത കമ്പിപ്പാരയുമായി പോകുന്ന അവനോടൊപ്പം പൂച്ചകളും....

കുഞ്ഞാടും തൊട്ടപ്പനും കറുത്ത പുണ്യവാളന്റെ പാത പിന്തുടരുമ്പോൾ പള്ളിമേടകൾ വെളുത്ത പുണ്യാളനെ വാഴ്ത്തുന്നു.

കുഞ്ഞാടും തൊട്ടപ്പനും കുരിശിനിരുവശത്തുമുള്ള കള്ളന്മാരുടെ സത്യപാത പിന്തുടരുന്നു. കറുത്തവന്റെ നെഞ്ചിൽ തിരുമുറിവുണ്ടാക്കി വെളുത്തവൻ മുന്നേറുന്നു. അവളുടെ കൂടെ നില്ക്കേണ്ട ശിഷ്യരായ പൂച്ചകൾ അധികാരവും സ്ഥാനവും ഉള്ളിടത്തേയ്ക്ക് നല്ല സമരിയാക്കാർ എന്ന വ്യാജേന പോകുന്നു. ചോദ്യം ചെയ്യുന്നവർക്ക് ബലി ഏറ്റുവാങ്ങേണ്ടിവരും. പാതകങ്ങൾ ചെയ്യുമ്പോഴും തൊട്ടപ്പൻ വിശുദ്ധ പ്രാർത്ഥനകൾ ഉപയോഗിക്കുന്നു. തൊട്ടപ്പന്റെ കൊലപാതകത്തിനു മാപ്പ് കൊടുക്കാൻ അവൾക്ക് സാധിക്കാതെ വരുന്നു. മാറ്റിനിർത്തപ്പെടുന്നവന്റെ ഉള്ളിൽ സംജാതമാകുന്ന പ്രതിരോധമാകാം ഇവയെല്ലാം. ക്രിസ്തുവും അവളും മുറിവേല്ക്കുന്നു. ക്രിസ്തുവിന്റെ ബലിയുടെ തുടർച്ചയായി കുഞ്ഞാട് മാറുന്നു. കള്ളന്മാരോടും പാപികളോടും ചുങ്കക്കാരോടും വേശ്യകളോടും സംസാരിക്കുന്ന അവരെ ഉദ്ധരിക്കുന്ന ക്രിസ്തുവിന്റെ വേറിട്ട മുഖവും ഈ കഥയിലുണ്ട്. ഒരു വ്യത്യാസം മാത്രം. കഥയിലെ പ്രതികാരഭാവം ക്രിസ്തുവിന്റെ ശൈലിയാകുന്നില്ല.

ആദമിന്റെ മുഴ, പെണ്ണാച്ചി, തൊട്ടപ്പൻ എന്നീ കഥകളിൽ ബൈബിൾ ബിംബങ്ങളും മതചിഹ്നങ്ങളും സമൃദ്ധമായി കഥാകാരൻ ഉപയോഗിക്കുന്നു. ആദമിന്റെ മുഴയിൽ വിലക്കപ്പെട്ട കനികൾ ഭക്ഷിക്കുന്നവരെ തേടിച്ചെല്ലുന്നു. തൊട്ടപ്പനിൽ മനോഹരമായ ക്രാഫ്റ്റ് ഉടനീളം തെളിഞ്ഞുനിൽക്കുന്നു. പെണ്ണാച്ചി എന്ന കഥയുടെ അവസാനഭാഗം മതാചാരങ്ങളെ ചോദ്യം ചെയ്യുന്നുണ്ട്.

നഗരത്തിലെ ജാഡകളൊന്നുമില്ലാത്ത തീരപ്രദേശങ്ങളിലെ സാധാരണ മനുഷ്യരാണ് ഇദ്ദേഹത്തിന്റെ സ്ഥിരം കഥാപാത്രങ്ങൾ. സാധാരണമായ വികാരവിചാരങ്ങൾ ചിത്രീകരിക്കുന്ന കഥകളാണെല്ലാം. ചുരുങ്ങിയ കഥകൾ കൊണ്ട് വായനക്കാരുടെ മനസ്സിൽ ചേക്കേറാൻ നൊറോണയ്ക്ക് കഴിഞ്ഞിട്ടുണ്ട്. കഥയും ഒരു കളിയാണെന്ന് നൊറോണ പറയുന്നു. മുഖംമൂടികളില്ലാത്ത മനുഷ്യജീവിതത്തിലെ നേരംശങ്ങളെ നൊറോണ ആവിഷ്കരിക്കുന്നു. സാധാരണ മനുഷ്യരുടെ നഷ്ടവും നഷ്ടബോധവും നിസ്സഹായതയും നോവും നിരാലംബത്വവും ഇടയ്ക്കെങ്കിലും അത് കടന്നെത്തുന്ന കാമവും നൊറോണ കഥാപാത്രങ്ങളെ വ്യതിരിക്തമാക്കുന്നു.

സത്യസന്ധമായ ഭാഷയും ജീവിതവും പറയുന്നു. ചിലരുടെ കഥകൾ വായിക്കോമ്പഴനുഭവപ്പെടുന്ന ഒറ്റപ്പെടുന്ന കൃത്രിമത്വത്തെ മറികടക്കുന്ന ജൈവികത നോറോണക്കഥകൾക്കുണ്ട്. സഭയും വിശ്വാസവും സദാചാരങ്ങളുടെ സൃഷ്ടികേന്ദ്രങ്ങളായി വാഴ്ത്തപ്പെടുന്നതിനിടയിൽ സാധാരണക്കാരുടെ അസ്വസ്ഥജീവിതങ്ങൾ കഥകളിൽ പ്രതിപാദിക്കുന്നു.

നല്ല സമരിയാക്കാരന്റെ ഉപമ പഠിപ്പിച്ച ക്രിസ്തുവിന്റെ മാർഗ്ഗം പിന്തുടരാനാണ് കഥകൾ എഴുതുന്നതെന്ന് ഇദ്ദേഹം പറയുന്നുണ്ട്. പെണ്ണാച്ചി, തൊട്ടപ്പൻ എന്നീ കഥകളിൽ മാജിക്കൽ റിയലിസവും കാണുവാൻ സാധിക്കുന്നു. കള്ളന്മാരും കൊലപാതകികളും പുണ്യവാന്മാരും പ്രേതാത്മാക്കളും കഥകളിൽ പ്രത്യക്ഷപ്പെടുന്നു. സാമ്പ്രദായികമായ എഴുത്തുരീതികളെ പാടേ ഉപേക്ഷിക്കുന്നു. പാപത്തിന്റെ ശമ്പളം മരണം എന്ന് കേട്ട് ഞെട്ടാതെ ആഗ്രഹിക്കുന്നവ ചെയ്യുന്നു. സഹജീവികളുടെ ഭാഷയിൽ സംസാരിക്കുന്നു. മലയാള സാഹിത്യത്തിൽ നൊറോണക്കഥകൾ പുതിയ വഴികൾ തുറക്കുന്നു.

### ഗ്രന്ഥസൂചി

1. അപ്പൻ കെ പി, കഥ ആഖ്യാനവും അനുഭവസത്തയും, ഡി.സി.ബുക്സ്, കോട്ടയം, 1999.
2. നൊറോണ, ഫ്രാൻസിസ്, തൊട്ടപ്പൻ, ഡി.സി.ബുക്സ്, കോട്ടയം, 2021
3. നാരായണൻ, അജു, (എഡി.), താക്കോൽ വാക്കുകൾ, വിദ്വാൻ പി. ജി. നായർ സ്മാരക ഗവേഷണ കേന്ദ്രം, ആലുവ, 2017.
4. ഷീബാ ദിവാകരൻ (എഡി.), പുതിയ കഥ പുതിയ വായന, പാവനാത്മ പബ്ലിഷേഴ്സ്, കോഴിക്കോട്, 2021